**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

**ഭരണവിഭാഗം സി സെക്ഷൻ**

---

നമ്പർ. Ad C2/7640/2018 — തീയതി: 02.12.2025

## സർക്കുലർ

വിഷയം:- കണ്ണൂർ സർവകലാശാല - കേരള സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) - ഡാറ്റയിൽ തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ വരുത്തുന്നതിന് അന്തിമമായി അവസരം നൽകിയിട്ടുള്ളത് അറിയിക്കുന്നത് - സംബന്ധിച്ച്

സൂചന :- ധനകാര്യ (ഹെൽത്ത് ഇൻഷ്വറൻസ്) വകുപ്പിന്റെ 29/11/2025 തിയ്യതിയിലെ 86/2025/ധന നമ്പർ പരിപത്രം

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (MEDISEP) യുടെ രണ്ടാം ഘട്ടം 01-01-2026 മുതൽ ആരംഭിക്കുന്ന സാഹചര്യത്തിൽ, അതിനുമുൻപായി മെഡിസെപ് ഡാറ്റയിൽ തിരുത്തലുകൾ വരുത്താനുള്ള സമയപരിധി ദീർഘിപ്പിച്ചതിൻറെ അടിസ്ഥാനത്തിൽ അന്തിമമായി തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ വരുത്തുന്നതിന് 10-12-2025 വരെ അന്തിമമായി ഒരവസരം കൂടി നൽകിക്കൊണ്ട് മേൽ സൂചിത സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. അതുപ്രകാരം താഴെ ചേർത്ത മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. സർവകലാശാല ജീവനക്കാർക്കും പെൻഷൻകാർക്കും MEDISEP അംഗത്വവുമായി ബന്ധപ്പെട്ട ഐ.ഡി. കാർഡ് www.medisep.kerala.gov.in എന്ന വെബ് പോർട്ടലിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാവുന്നതാണ്
2. ഡൗൺലോഡ് ചെയ്തുകിട്ടുന്ന ഐ.ഡി. കാർഡിലെ വിവരങ്ങളിൽ (ആശ്രിതരുൾപ്പെടെയുള്ളവരുടെ) ഏതെങ്കിലും തരത്തിലുള്ള തിരുത്തലുകൾ/ കൂട്ടിച്ചേർക്കലുകൾ/ ഒഴിവാക്കലുകൾ വരുത്താനുണ്ടെങ്കിൽ അത് വ്യക്തമാക്കിക്കൊണ്ടുള്ള അപേക്ഷ നിശ്ചിത മാതൃകയിൽ രേഖകളുടെ പകർപ്പ് സഹിതം 08.12.2025 ന് വൈകുന്നേരം 4 മണിക്ക് മുമ്പായി ഭരണവിഭാഗത്തിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഒപ്പ് /-
RAHUL B ASOK
അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. എല്ലാ ബ്രാഞ്ച്/ ഓഫീസ്/ വകുപ്പ് മേധാവികൾക്കും സർക്കുലേഷനുവേണ്ടി
2. എല്ലാ പെൻഷനർമാർക്കും അറിവിലേക്കായി

അംഗീകാരത്തോടെ

rcular Malayalam of File Ad C2/7640/2018 Approved by ASSISTANT REGISTRAR ( ADMINISTRATION ) on 02-Dec-2025 06:12 PM - Page 1

സെക്ഷൻ ഓഫീസർ

rcular Malayalam of File Ad C2/7640/2018 Approved by ASSISTANT REGISTRAR ( ADMINISTRATION ) on 02-Dec-2025 06:12 PM - Page 2

# മെഡിസെപ് ഡാറ്റയിൽ അന്തിമമായി തിരുത്തലുകൾ /കൂട്ടിചേർക്കലുകൾ /ഒഴിവാക്കാലുകൾ വരുത്തുന്നതിനുള്ള അപേക്ഷഫോറം

| | | |
|---|---|---|
| 1 | ജീവനക്കാരന്റെ പേര് | |
| 2 | പിഎഫ് നമ്പർ ,തസ്തിക | |
| 3 | മെഡിസെപ് ഐഡി നമ്പർ | |
| 4 | ജനനതിയ്യതി | |
| 5 | ആധാർ നമ്പർ | |
| 6 | ഫോൺ നമ്പർ | |
| 7 | മേൽവിലാസം | |
| 8 | മെഡിസെപ് ഡാറ്റയിൽ തിരുത്തലുകൾ /കൂട്ടിചേർക്കലുകൾ /ഒഴിവാക്കാലുകൾ വരുത്തേതിന്റെ വിശദാംശങ്ങൾ(ബന്ധപ്പെട്ട രേഖകൾ സഹിതം) | |

തിയ്യതി :

ജീവനക്കാരന്റെ പേര് & ഒപ്പ്

Circular Malayalam of File Ad C2/7640/2018 Approved by ASSISTANT REGISTRAR ( ADMINISTRATION ) on 02-Dec-2025 06:12 PM - Page 3